"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

നിയമവകുപ്പ് - ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ. എന്നിവർക്ക് ഗവൺമെന്റ് പ്ലീഡർ തസ്തികയിൽ പുനർനിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നിയമ (ഇൻസ്പെക്ഷൻ) വകുപ്പ്**

സ.ഉ.(കൈ) നം.4/2025/LAW തീയതി,തിരുവനന്തപുരം, 09-01-2025

---

പരാമർശം:- 1. 23/12/2021 തീയതിയിലെ സ.ഉ. (കൈ)78/2021/നിയമം നമ്പർ ഉത്തരവ്.

2. 26.11.2024 തീയതിയിലെ അഡ്വക്കേറ്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്നുള്ള S.S-GK2/2021/AG നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡർമാരായി നിയമിതരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ.രഞ്ജിത് എ. എന്നിവരുടെ നിയമന കാലാവധി 23-12-2024 തീയതിയിൽ പൂർത്തിയാകുന്നതാണെന്നും 24-12-2024 തീയതി മുതൽ പ്രാബല്യത്തിൽ ടി അഭിഭാഷകരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഗവൺമെന്റ് പ്ലീഡർമാരായി പുനർനിയമിക്കണമെന്നും പരാമർശം (2) പ്രകാരം അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിട്ടുള്ളതാകുന്നു.

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ. എന്നീ അഭിഭാഷകരെ 24-12-2024 തീയതി മുതൽ പ്രാബല്യത്തിൽ മൂന്ന് വർഷക്കാലയളവിലേയ്ക്കോ 60 വയസ്സ് പൂർത്തിയാകുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ പുനർനിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത അഭിഭാഷകരുടെ ജോലിയും സേവന വേതന വ്യവസ്ഥകളും 1978-ലെ കേരള ഗവൺമെന്റ് ലാ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് & കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
K G SANAL KUMAR
നിയമ സെക്രട്ടറി

1 . അഡ്വ.ശങ്കർ ലാൽ ബി.എസ്., ഗവൺമെന്റ് പ്ലീഡർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം).

2. അഡ്വ . രഞ്ജിത് എ., ഗവൺമെന്റ് പ്ലീഡർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ (അഡ്വക്കേറ്റ് ജനറൽ മുഖാന്തിരം).

3. അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം).

4. രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി , എറണാകുളം (ആമുഖ കത്ത് സഹിതം).
5. രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
6.രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം.
7. സെക്രട്ടറി , കേരള നിയമസഭ.
8. ബഹു . മുഖ്യമന്ത്രിയുടെ പി .എസ്.
9. ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രിയുടെ പി .എസ്.
10. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ &ഇ), കേരള തിരുവനന്തപുരം .
11. നിയമ സെക്രട്ടറിയുടെ പി .എ.
12. പൊതുഭരണ (എസ്.സി.) വകുപ്പ്(ബഹു . മന്ത്രി സഭാതീരുമാനം item No2610).
13. ജില്ലാ /സബ് ട്രഷറി ഓഫീസർ, എറണാകുളം.
14. ജില്ലാ /സബ് ട്രഷറി ഓഫീസർ, തിരുവനന്തപുരം
15. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, ഐ& പി .ആർ.ഡി .
16.നിയമ(ഇൻസ്പെക്ഷൻ) വകുപ്പ് അഡീഷണൽ നിയമ സെക്രട്ടറിയുടെ സി .എ
17. നിയമ (നോഡൽ) വകുപ്പ്.
18. നിയമ (മോണിറ്ററിങ്) വകുപ്പ്.
19. സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by

Sajjad S

Date: 09-01-2025 16:19:52

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-01-2025

ഫയൽ നം. 104/ഇൻസ്പെ.1/2024/നിയമം. ഇനം നം: 2610

വിഷയം : നിയമ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത്. എ, എന്നിവരുടെ പുനർനിയമനം.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

സെക്രട്ടറി, നിയമ വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

2610

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.104/ഇൻസ്പെ.1/2024/നിയമം |
| 2 | വകുപ്പ് | | നിയമ (ഇൻസ്പെക്ഷൻ) വകുപ്പ് |
| 3 | വിഷയം | : | ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ., എന്നിവരുടെ പുനർനിയമനം സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 03-01-2025 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ, ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ?ഉണ്ടെങ്കിൽ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ടോ? | : | ഇല്ല<br>ഇല്ല |
| 6 | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. എസ്. രാജീവ് |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. കെ.ജി. സനൽ കുമാർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06/01/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 07/01/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പി. രാജീവ് |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 07/01/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07/01/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനം എടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ തീയതി | : | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ., എന്നിവരുടെ പുനർനിയമനം സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. **23/12/2021** തീയതിയിലെ സ.ഉ. (കൈ.) **78/2021**/നിയമം നമ്പർ ഉത്തരവുപ്രകാരം അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ., അഡ്വ. ശ്രീജ തുളസി എന്നിവരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായി നിയമിച്ചിട്ടുള്ളതാണ്. തുടർന്ന് **24/08/2023** തീയതിയിലെ സ.ഉ.(കൈ.)**86/2023**/നിയമം നമ്പർ ഉത്തരവുപ്രകാരം അഡ്വ.ശ്രീജ തുളസിയെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ സീനിയർ ഗവ.പ്ലീഡറായി നിയമിച്ചിട്ടുള്ളതാണ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ., എന്നിവരുടെ നിയമന കാലാവധി **23-12-2024** തീയതിയിൽ പൂർത്തിയാകുന്നതാണെന്ന് അറിയിച്ചിരുന്നതും കൂടാതെ ടി അഭിഭാഷകരെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായി വീണ്ടും മൂന്ന് വർഷ കാലയളവിലേയ്ക്ക് പുനർനിയമിക്കണമെന്ന് **26.11.2024** തീയതിയിലെ **S.S-GK2/2021/AG** നമ്പർ കത്ത് മുഖേന അഡ്വക്കേറ്റ് ജനറൽ ശിപാർശ ചെയ്തിട്ടുള്ളതുമാണ്.

3. ബഹു. ഹൈക്കോടതിയിലെ സർക്കാർ അഭിഭാഷകരുടെ നിയമനം മൂന്ന് വർഷക്കാലത്തേയ്ക്കായിരിക്കുമെന്നും അങ്ങനെ നിയമിക്കുന്ന ഏതൊരു വ്യക്തിയെയും സർക്കാരിന് വീണ്ടും മൂന്ന് വർഷക്കാലത്തേയ്ക്ക് പുനർ നിയമിക്കാവുന്നതാണെന്നും **1978**-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ്

(അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ 6-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

4. ബഹു. ഹൈക്കോടതിയിലെ ഗവൺമെന്റ് ലാ ഓഫീസർമാരെ നിയമിക്കുന്നതും പുനർനിയമിക്കുന്നതും മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ്.

5. മേൽ സാഹചര്യങ്ങളിൽ, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ., എന്നിവരെ അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം 24-12-2024 തീയതി മുതൽ പ്രാബല്യത്തിൽ വീണ്ടും മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ, പുനർനിയമനം നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന് മുൻപാകെ സമർപ്പിക്കാവുന്നതാണോ എന്നതിന്മേൽ ഉത്തരവിനായി ഫയൽ ബഹു. നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി മുഖേന ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ, വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു. മുഖ്യമന്ത്രി 03.01.2025 തീയതിയിൽ ഉത്തരവായിട്ടുള്ളതാണ്.

**തീരുമാനിക്കേണ്ട സംഗതി**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ ഗവൺമെന്റ് പ്ലീഡർമാരായ അഡ്വ. ശങ്കർ ലാൽ ബി.എസ്., അഡ്വ. രഞ്ജിത് എ., എന്നിവരെ, അഡ്വക്കേറ്റ് ജനറലിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 1978-ലെ കേരളാ ഗവൺമെന്റ് ലാ ആഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ്

സർവ്വീസ്) ആന്റ് കണ്ടക്റ്റ് ഓഫ് കേസസ് ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം 24-12-2024 തീയതി മുതൽ പ്രാബല്യത്തിൽ വീണ്ടും മൂന്ന് വർഷ കാലയളവിലേയ്ക്കോ അല്ലെങ്കിൽ 60 വയസ് പൂർത്തിയാകുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ പുനർനിയമിക്കാവുന്നതാണോ?